## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **900** | **20/3/2013** -ൽ മറുപടിക്ക്

# കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം

### ചോദ്യം

ശ്രീ. എസ്. ശർമ്മ

(എ) കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

### മറുപടി

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി)

(എ) കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൻ/അപേക്ഷകയ്ക്ക് അപേക്ഷിക്കുന്ന തീയതിയിൽ 60 വയസ്സ് പൂർത്തിയായിരിക്കണം.
2. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 11,000/- രൂപയിൽ താഴെയായിരിക്കണം.
3. 01/1/2002-നുശേഷമുള്ള അപേക്ഷകർ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയവരായിരിക്കണം.
4. അപേക്ഷകൻ, പെൻഷന് അപേക്ഷിക്കുന്ന തീയതിക്ക് മുമ്പ് കുറഞ്ഞത് 10 വർഷക്കാലമെങ്കിലും തുടർച്ചയായി കേരള സംസ്ഥാനത്ത് താമസിക്കുന്ന ആളായിരിക്കണം.
5. 1951-ലെ തോട്ടം തൊഴിലാളി നിയമം ബാധകമാകുന്ന തോട്ടങ്ങളിൽ ജോലി ചെയ്തിരുന്നവരോ/ചെയ്യുന്നവരോ ആകാൻ പാടില്ല.
6. മറ്റ് ഏതെങ്കിലും ക്ഷേമപദ്ധതി മുഖേന ധനസഹായം ലഭിക്കുന്നവർ ആകാൻ പാടില്ല.
7. അപേക്ഷകർ വൃദ്ധർക്കും രോഗാതുരർക്കും അവശർക്കും സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ സംരക്ഷണയിൽ കഴിയുന്ന ആളാകരുത്.

8. അപേക്ഷകൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ ഏതെങ്കിലും ധനസഹായം (ക്ഷയം/കുഷ്ഠം/ക്യാൻസർ രോഗികൾക്ക് കിട്ടുന്ന ധനസഹായം ഒഴികെ) ലഭിക്കുന്ന ആളാകരുത്.

| | |
|---|---|
| (ബി) ജീവിതകാലം മുഴുവൻ കാർഷിക ജോലി ചെയ്ത് അംശദായമടച്ച് തൊഴിലാളികൾ പെൻഷന് അപേക്ഷിക്കുമ്പോൾ കുടുംബ വാർഷിക വരുമാനം കൂടുതലാണെന്ന കാരണത്താൽ പെൻഷൻ നിരസിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) ഉണ്ട്. കർഷക തൊഴിലാളി പെൻഷനുള്ള അർഹത മാനദണ്ഡങ്ങളിൽ കുടുംബ വാർഷിക വരുമാനം 11,000/- രൂപയിൽ കുറവായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) വ്യക്തിഗത വാർഷിക വരുമാനം കണക്കിലെടുത്തുകൊണ്ട് ക്ഷേമപെൻഷൻ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

JSK/